بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 10.11.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: ബദ്ർ യുദ്ധാനന്തര സംഭവങ്ങൾ തുടർച്ച

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ

نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ

عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തിരുനബി(സ)യുടെ ജീവചരിത്രവുമായി ബന്ധപ്പെട്ട് ബദ്റിനു തൊട്ടുപിന്നാലെയുള്ള സംഭവങ്ങളെക്കുറിച്ചാണ് ഞാൻ പരാമർശിച്ചുകൊണ്ടിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ഹിജ്റ വർഷം രണ്ടിലെ സംഭവങ്ങളിൽ ജന്നത്തുൽബഖീഅ്ന്റെ സ്ഥാപനം പരാമർശിക്കപ്പെടുന്നുണ്ട്. അതിന്റെ വിശദീകരണം ഇപ്രകാരമാണ്, മദീനയിൽ ജൂതന്മാർക്കും മറ്റ് ഗോത്രങ്ങൾക്കും അവരുടേതായ ശ്മശാനങ്ങളുണ്ടായിരുന്നു. റസൂൽ കരീം(സ) മദീനയിൽ എത്തിയപ്പോൾ മുസ്‌ലിംകൾക്ക് പ്രത്യേക ഖബർസ്ഥാൻ വേണമെന്ന ആവശ്യമുയർന്നു. അതിനാൽ, മുസ്‌ലീങ്ങൾക്കായി ബഖീഉൽ ഗർഖദിന്റെ ഖബർസ്ഥാൻ തിരഞ്ഞെടുത്തു. ബഖീഅ് എന്ന് ധാരാളം മരങ്ങൾ ഉള്ള സ്ഥലത്തെയാണ് അറബിയിൽ വിളിക്കുന്നത്. ഈ ഖബർസ്ഥാൻ ജന്നത്തുൽ ബഖീഅ് എന്ന് അറിയപ്പെടുന്നു.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: ഹിജ്റ രണ്ടാം വർഷം തിരുനബി(സ) മുസ്‌ലിംകൾക്കായി ഒരു മഖ്ബറ തിരഞ്ഞെടുത്തു. അതിനെ ജന്നത്തുൽ ബഖീഅ് എന്ന് വിളിക്കുന്നു. ഈ മഖ്ബറയിൽ ആദ്യമായി അടക്കം ചെയ്യപ്പെട്ടത് ഉഥ്മാൻ ബിൻ മസ്ഊൻ(റ) ആയിരുന്നു. അദ്ദേഹം വളരെ സാത്വികനും ഭക്തനും സൂഫിവര്യനുമായിരുന്നു. മുസ്‌ലിമായശേഷം ഒരിക്കൽ അദ്ദേഹം തിരുനബി(സ)യോട് ഈ ലോകത്തെ പൂർണമായി ഉപേക്ഷിക്കാനും ഭാര്യയിൽനിന്നും മക്കളിൽനിന്നും വേർപെട്ട് തന്റെ ജീവിതം ദൈവാരാധനയ്ക്കായി സമർപ്പിക്കാനും അനുവാദം തേടിയിരുന്നു. തിരുനബി(സ) പറഞ്ഞു: ദൈവത്തിനുള്ള അവകാശം ദൈവത്തിന് നൽകുക, ഭാര്യക്കും കുട്ടികൾക്കും ഉള്ള അവകാശം ഭാര്യയ്ക്കും കുട്ടികൾക്കും നൽകുക, അതിഥികൾക്കുള്ള അവകാശം അതിഥിക്ക് നൽകുക. നിങ്ങളുടെ സ്വന്തം ശരീരത്തിനോടുള്ള അവകാശം ശരീരത്തിനു നൽകുക. കാരണം ഈ അവകാശങ്ങളെല്ലാം ദൈവത്താൽ കൽപ്പിക്കപ്പെട്ടവയാണ്, അവ പ്രാവർത്തികമാക്കലും ആരാധനയുടെ ഭാഗമാണ്. അതായത് ഈ അവകാശങ്ങൾ നൽകുന്നതും ആരാധനയുടെ ഭാഗമാണ്. ചുരുക്കത്തിൽ, തിരുനബി(സ) ഉസ്മാൻ ബിൻ മസ്ഊനെ ഭൗതിക ലോകത്തെ പരിത്യജിക്കാൻ അനുവദിച്ചില്ല. ഭൗതിക ലോകത്തെ പരിത്യജിക്കലും സന്യാസവും ഇസ്‌ലാമിൽ നിഷിദ്ധമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട്, തന്റെ ഉമ്മത്തിനെ അങ്ങേയറ്റത്തിനും തീവ്രതയ്ക്കും ഇടയിലുള്ള മിതത്വത്തിന്റെ മാർഗത്തിൽ നിലയുറപ്പിച്ചു നിർത്തുകയുണ്ടായി. ഉസ്മാൻ ബിൻ മസ്ഊന്റെ വേർപാട് തിരുനബി(സ)യെ വളരെ ആഘാതമേൽപ്പിച്ചിരുന്നു. നിവേദനത്തിൽ വരുന്നു, അദ്ദേഹത്തിന്റെ മരണശേഷം തിരുനബി(സ) അദ്ദേഹത്തിന്റെ നെറ്റിയിൽ ചുംബിച്ച സമയത്ത് ആ മഹാത്മാവിന്റെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു.

ഹുസൂർ അൻവർ പറഞ്ഞു: ഇപ്പോൾ ഞാൻ ബനൂഗത്ഫാൻ യുദ്ധത്തെക്കുറിച്ചു പരാമർശിക്കുന്നതാണ്. ഗത്ഫാന്റെ ശാഖയായ ബനീ ഥഅ്‌ലബയും ബനൂമുഹാരിബും മുസ്‌ലിംകൾക്കെതിരെ ഒരിടത്ത് ഒത്തുകൂടുന്നു എന്ന വിവരം നബി(സ)ന് ലഭിച്ചപ്പോൾ 450 സ്വഹാബികളുമായി തിരുമേനി യാത്രയായി. ഹിജ്റ വർഷം മൂന്നിന് റബീഉൽ അവ്വൽ മാസമാണ് ഈ ആക്രമണം നടന്നത്. ബഹുദൈവാരാധകർ സംഘടിക്കുന്നതിനെതിരെ തിരുനബി(സ) പുറപ്പെട്ടപ്പോൾ വഴിയിൽ കണ്ടുമുട്ടിയ ബനൂ ഗത്ഫാനിലെ ഒരാളെ സ്വഹാബികൾ പിടികൂടി റസൂൽ(സ)യുടെ മുമ്പിൽ കൊണ്ടുവന്നു.

അദ്ദേഹം തിരുനബി(സ)ക്ക് തന്റെ ഗോത്രത്തിന്റെ നീക്കങ്ങളെക്കുറിച്ച് അറിയിച്ചു. തിരുനബി(സ) അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾ ഉടനെ ഇസ്‌ലാം സ്വീകരിച്ച ഈ വ്യക്തി തിരുനബി(സ) നോട് പറഞ്ഞു: തന്റെ ആളുകൾ താങ്കളും മുസ്‌ലിം സൈന്യവും അവരുടെ നേരെ വരുന്നു എന്ന് അറിഞ്ഞാൽ ഒരിക്കലും നിങ്ങളെ നേരിടില്ല, അവർ സമീപത്തുള്ള മലകളിലേക്ക് കയറുന്നതാണ്. അങ്ങനെ മുസ്‌ലിംകൾ അവരുടെ നേരെ മുന്നേറിയപ്പോൾ അവർ മുസ്‌ലിംകളെ നേരിടാതെ ചുറ്റുമുള്ള മലകളിലേക്ക് കയറി. ഈ അവസരത്തിലാണ് തിരുനബി(സ)യുടെ പ്രസിദ്ധമായ ഒരു സംഭവം നടന്നത്. തിരുനബി(സ) മരത്തണലിൽ വിശ്രമിക്കുകയും സ്വഹാബികൾ അവരുടെ ജോലിയിൽ മുഴുകുകയും ചെയ്തിരുന്ന സന്ദർഭത്തിൽ ഒരാൾ തിരുനബി(സ)ന്റെ നേരെ വാൾ ചൂണ്ടിക്കൊണ്ട് ചോദിച്ചു: ഹേ മുഹമ്മദ്(സ)! ഇനി ആരാണ് നിന്നെ എന്നിൽ നിന്ന് രക്ഷിക്കുക? അല്ലാഹു എന്ന് തിരുനബി(സ) മറുപടി പറഞ്ഞപ്പോൾ അവന്റെ കയ്യിൽ നിന്നും വാൾ താഴെ വീണു.

ഈ യുദ്ധങ്ങളുമായി ബന്ധപെട്ട ഒരു സംഭവം ഹദ്റത്ത് റുഖിയ്യയുടെ മരണവും ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ വിവാഹവുമാണ്. നിവേദനമനുസരിച്ച്, തിരുനബി(സ) ബദ്റിലേക്ക് പുറപ്പെടുമ്പോൾ ഹദ്റത്ത് റുഖിയ്യ രോഗബാധിതയായിരുന്നു. അത്കൊണ്ട് ഹദ്റത്ത് ഉഥ്മാൻ(റ)നെ ഇവരെ ശുശ്രൂഷിക്കാനായി മദീനയിൽ തന്നെ നിർത്തിയിരുന്നു. ഹദ്റത്ത് സൈദ് ബിൻ ഹാരിഥ ബദറിന്റെ വിജയവാർത്തയുമായി മദീനയിൽ എത്തിയ ദിവസമാണ് ഹദ്റത്ത് റുഖിയ്യ മരണപ്പെട്ടത്. ഹദ്റത്ത് റുഖിയ്യയുടെ മരണശേഷം, തിരുനബി(സ) ഹദ്റത്ത് ഉഥ്മാനെ കണ്ടപ്പോൾ പറഞ്ഞു: ഹദ്റത്ത് റുഖിയ്യയുടെ അത്ര മഹറിലും അവളോടുള്ള നിങ്ങളുടെ നല്ല പെരുമാറ്റത്തിലും അല്ലാഹു(വിന്റെ അനുമതിയാൽ) ഉമ്മു കുൽഥൂമിനെ നിങ്ങൾക്ക് വിവാഹം കഴിച്ചുതരികയാണ്. വിവാഹം കഴിഞ്ഞ് മൂന്ന് ദിവസത്തിന് ശേഷം തിരുനബി(സ) ഉമ്മു കുൽഥൂമിന്റെ അടുത്ത് വന്ന് എന്റെ പ്രിയപ്പെട്ട മകളേ! നിങ്ങളുടെ ഭർത്താവ് എങ്ങനെയുള്ള ആളാണ് എന്ന് ചോദിച്ചപ്പോൾ, ഉസ്മാൻ മികച്ച ഭർത്താവാണെന്ന് ഉമ്മു കുൽഥൂം മറുപടി പറഞ്ഞു. ഹദ്റത്ത് ഉമ്മു കുൽഥൂം രോഗബാധിതയായി ഹിജ്റ 9 ൽ വഫാത്തായി. ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ മരണശേഷം തിരുനബി(സ) പറഞ്ഞു: എനിക്ക് മൂന്നാമതൊരു മകളുണ്ടായിരുന്നെങ്കിൽ ഞാൻ അവളെ ഉഥ്മാന് വിവാഹം ചെയ്തുകൊടുക്കുമായിരുന്നു.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ വിവാഹത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു:

ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാന്റെ ഭാര്യയും റസൂലുല്ലാഹി(സ)യുടെ മകളുമായ റുഖിയ്യയുടെ മരണശേഷം, ഹദ്റത്ത് ഫാത്തിമയെക്കാൾ പ്രായമുള്ളതും എന്നാൽ റുഖിയ്യയേക്കാൾ ഇളയതുമായ ഉമ്മു കുൽഥൂമിനെ ഹദ്റത്ത് ഉഥ്മാന് തിരുനബി(സ) വിവാഹം ചെയ്തുകൊടുത്തു. ഇക്കാരണത്താൽ, ഹദ്റത്ത് ഉഥ്മാനെ ദുന്നൂറൈൻ എന്ന് വിളിക്കുന്നു. അതായത് രണ്ട് പ്രകാശമുള്ളവൻ. ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ വിവാഹം നടന്നത് ഹിജ്റ 3 ലെ റബിഉൽ അവ്വൽ മാസത്തിലാണ്. ഇത് ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ രണ്ടാം വിവാഹമായിരുന്നു. ഇതിനുമുമ്പ്, ഹദ്റത്ത് റുഖിയ്യയും ഹദ്റത്ത് ഉമ്മു കുൽഥൂമും തിരുനബി(സ)യുടെ അമ്മാവനായ അബൂലഹബിന്റെ രണ്ട് പുത്രന്മാരെ വിവാഹം കഴിച്ചിരുന്നുവെങ്കിലും മതപരമായ എതിർപ്പിനെത്തുടർന്ന് ഈ വിവാഹം ഉപേക്ഷിക്കുകയുണ്ടായി.

ഈ കാലയളവിലെ സംഭവങ്ങളിൽ ബനൂ സുലൈം യുദ്ധവും പരാമർശിക്കപ്പെടുന്നുണ്ട്. മുസ്‌ലിംകൾക്കെതിരെ ബനൂ സുലൈമിലെ ധാരാളംപേർ ഒരുമിച്ചുകൂടിയതായി നബി(സ)ന് അറിവു ലഭിച്ചപ്പോൾ തിരുനബി(സ) അബ്ദുല്ലാഹി ബിൻ ഉമ്മു മക്തൂമിനെ മദീനയിൽ തന്റെ പ്രതിനിധി ആയി നിയമിക്കുകയും ജമാദുൽ അവ്വൽ ആറിന്, മുന്നൂറ് സ്വഹാബികളോടൊപ്പം യാത്രതിരിക്കുകയും ചെയ്തു. മറ്റൊരു നിവേദനമനുസരിച്ച്, ഹദ്റത്ത് ഉമർ(റ)നെയാണ് തന്റെ പ്രതിനിധി ആയി നിയമിച്ചത്. വഴിയിൽ വെച്ച് തിരുനബി(സ) കണ്ടുമുട്ടിയ ബനൂ സുലൈമിൽ നിന്നുള്ള ഒരാൾ പറഞ്ഞു: ബനൂ സുലൈം ചിന്നി ചിതറിപ്പോയിരിക്കുന്നു. അന്വേഷണത്തിൽ ഈ ആളുടെ വിവരണങ്ങൾ ശരിയാണെന്ന് കണ്ടെത്തി. അങ്ങനെ നബിതിരുമേനി തിരിച്ചുപോന്നു; യുദ്ധം ഉണ്ടായില്ല.

ഒരു സൈനിക നീക്കമായ സൈദ് ബിൻ ഹാരിഥഃയുടെ വിശദാംശങ്ങളെക്കുറിച്ച് പരാമർശം ലഭിക്കുന്നത് ഇപ്രകാരമാണ്, ഒരു ദിവസം സഫ്‌വാൻ ബിൻ ഉമയ്യ തന്റെ കൂട്ടാളികളോട് പറഞ്ഞു: മുസ്‌ലിംകൾ നമ്മെ നമ്മുടെ വ്യാപാര കേന്ദ്രമായ സിറിയയിലേക്ക് പോകുന്നത് തടഞ്ഞിരിക്കുന്നു. സമുദ്രതീരത്തുകൂടിയുള്ള മാർഗം ഉപേക്ഷിച്ചുകൊണ്ട് ഇറാഖിൽനിന്ന് സിറിയയിലേക്ക് കടക്കാമെന്ന് ഒരാൾ നിർദേശിച്ചു. അങ്ങനെ, വഴി അറിയാവുന്ന ഒരാളുടെ സഹായത്തോടെ സഫ്‌വാൻ ബിൻ ഉമയ്യ (സിറിയയിലേക്ക്) യാത്ര പുറപ്പെടാൻ തീരുമാനിച്ചു.

യാത്രാസംഘം (യാത്രക്ക്) ഒരുങ്ങാൻ തുടങ്ങി. ഈ നീക്കം ഹിജ്റ 3 ൽ ജമാദുൽ ആഖിറിൽ ആണ് നടന്നത്. ഈ വാർത്ത മദീനക്കാരിൽ എങ്ങനെയെങ്കിലും എത്തുന്നത് തടയാൻ യാത്രാ സംഘത്തിലുള്ളവർ പരമാവധി ശ്രമിച്ചിരുന്നു. എന്നാൽ ദൈവഹിതം മറ്റൊന്നായിരുന്നു. അങ്ങനെ ഈ വാർത്ത തിരുനബിയുടെ അടുത്തെത്തി. ഹദ്റത്ത് സൈദ് ബിൻ ഹാരിഥയുടെ നേതൃത്വത്തിൽ നബി(സ) നൂറ് കുതിരപ്പടയാളികളെ അയച്ചു. ഹദ്റത്ത് സൈദിന്റെ നേതൃത്വത്തിലുള്ള ആദ്യ സൈനീക നീക്കമായിരുന്നു ഇത്. അതിൽ അദ്ദേഹം വിജയിച്ചു മടങ്ങി.

ഹുസൂർ അൻവർ പറഞ്ഞു: ഈ യാത്രാസംഘത്തിൽനിന്നുള്ള ലാഭം മുസ്ലീങ്ങൾക്കെതിരെ ഉപയോഗിച്ചതിനാലാണ് ഈ കച്ചവടസംഘങ്ങളെ തടഞ്ഞിരുന്നത്. ഈ കച്ചവടസംഘങ്ങളെ തടഞ്ഞിരുന്നത് ഇന്ന് വിവിധ രാജ്യങ്ങളിൽ ഏർപ്പെടുത്തുന്ന സാമ്പത്തിക ഉപരോധത്തിന് സമാനമാണ്. ഇക്കാലത്ത്, അക്രമപരമായി ഉപരോധം ഏർപ്പെടുത്തുന്ന ഈ രാജ്യങ്ങൾക്ക് ഇസ്ലാമിനെ എങ്ങനെയാണ് ആക്ഷേപിക്കാൻ അർഹതയുണ്ടാകുക.

ഖുത്ബയുടെ രണ്ടാം ഭാഗത്തിൽ ഹുസൂർ അൻവർ പറഞ്ഞു: ഈ സമയത്ത് ഞാൻ ഫലസ്തീന് (അവിടുത്തെ മർദിതർക്കു)വേണ്ടി ദുആക്ക് പറയാൻ വീണ്ടും ആഗ്രഹിക്കുകയാണ്. ഇപ്പോൾ ചുരുങ്ങിയപക്ഷം ചിലർ ഭയപ്പെട്ടുകൊണ്ടാണെങ്കിലും ഈ ക്രൂരതയ്ക്കെതിരെ സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. മാത്രമല്ല, ഇപ്പോൾ ചില ജൂതന്മാരും ഈ ക്രൂരതയ്ക്കെതിരെ ശബ്ദമുയർത്തുകയും ഞങ്ങളെയും അപകീർത്തിപ്പെടുത്തുന്നത് എന്തിനാണെന്ന് അവരുടെ സർക്കാരിനോട് ചോദിക്കുകയും ചെയ്തിരിക്കുന്നു. എന്നിരുന്നാലും, മറ്റുള്ളവർക്കിടയിൽ ചെറിയ ശബ്ദങ്ങൾ ഉയരാൻ തുടങ്ങിയിരിക്കുന്നു. ഫലസ്തീനികൾക്ക് സഹായം എത്തിക്കാൻ എല്ലാ ദിവസവും നാല് മണിക്കൂർ യുദ്ധം നിർത്തണമെന്നാണ് ഇപ്പോൾ അവർ പറയുന്നത്. ഇതനുസരിച്ച് എത്രത്തോളം നടപടിയെടുക്കുമെന്നും ശേഷിക്കുന്ന 20 മണിക്കൂറിൽ എത്ര ബോംബാക്രമണം നടത്തുമെന്നും അല്ലാഹുവിന് അറിയാം. പലപ്പോഴും വലിയ സർക്കാരുകളും രാഷ്ട്രീയക്കാരും ഫലസ്തീനികളുടെ ജീവഹാനിക്ക് ഒരു പ്രാധാന്യവും നൽകുന്നില്ല. അവർക്ക് അവരുടേതായ താൽപ്പര്യങ്ങളാണ് ഉള്ളത്. അല്ലാഹു ഒരു നിശ്ചിത സമയത്തേക്ക് മാത്രമേ അവധി നൽകൂ എന്ന് അവർ ഓർക്കേണ്ടതാണ്. ഈ ലോകം മാത്രമല്ല, അടുത്ത ഒരു ലോകവും നമ്മുടെ മുന്നിലുണ്ട്. ഈ ലോകത്ത് പിടിക്കപ്പെടാവുന്നതാണ്; തീർച്ചയായും അടുത്ത ലോകത്തും പിടിക്കപ്പെടുന്നതാണ്. എതായിരുന്നാലും മർദിതരായ പലസ്തീനികൾക്കുവേണ്ടി നമ്മൾ ഒരുപാട് ദുആ ചെയ്യേണ്ടതാണ്. അല്ലാഹു (അവർക്ക് നീതി നൽകിക്കൊണ്ട്) ഈ അതിക്രമങ്ങളിൽ നിന്ന് അവരെ മോചിതരാക്കുമാറാകട്ടെ. ആമ്മീൻ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് താഴെ പറയുന്ന രണ്ട് മർഹൂമീങ്ങളുടെ ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

ഒന്ന് ഹദ്റത്ത് നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെയും ഹദ്റത്ത് സാഹിബ്സാദി അമത്തുൽ ഹഫീസ് ബീഗം സാഹിബയുടേയും പൗത്രിയും ബഹുമാന്യ ഹമീദുർറഹ്മാൻ ഖാൻ സാഹിബിന്റെ ഭാര്യയുമായ മൻസൂറ ബാസിമ സാഹിബയുടെതാണ്. ഇവർ ഹദ്റത്ത് സാഹിബ്സാദ മിർസാ ശരീഫ് അഹ്മദ് സാഹിബിന്റേയും ഹദ്റത്ത് ബൂസൈനബ് ബീഗം സാഹിബയുടേയും ദൗഹിത്രിയുമാണ്. മർഹൂമ മിയാൻ അബ്ബാസ് അഹ്മദ് ഖാൻ സാഹിബിന്റെയും അമത്തുൽ ബാരി ബീഗം സാഹിബയുടേയും മകളാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ(റഹിമഹുല്ലാഹ്) ഇവരുടെ വിവാഹ അവസരത്തിൽ ഉപദേശം നൽകിക്കൊണ്ട് പറഞ്ഞു: വിവാഹ അവസരത്തിൽ പാരായണം ചെയ്യുന്ന ഖുർആൻ വചനത്തിൽ يَاأَيُّهَا النَّاسُ اتَّقُوا رَبَّكُمُ എന്ന വാക്കുകൾ ഉപയോഗിച്ച് റബ്ബിനോട് തഖ്വ അവലംബിക്കാൻ ഉപദേശിച്ചിരിക്കുന്നു. ഇതിലൂടെ അല്ലാഹു നിങ്ങളെ പരിപാലിക്കുന്നവനാണ് എന്നതുപോലെ നിങ്ങൾക്കും അത്തരത്തിലുള്ള ഉത്തരവാദിത്തങ്ങൾ ഉണ്ട്; അവ നിറവേറ്റുന്നതിന്, നിങ്ങൾ പരിപാലനത്വത്തിന്റെ വികാരത്തോടുകൂടി അല്ലാഹുവിനോട് തഖ്വ അവലംബിക്കേണ്ടത് ആവശ്യമാണ് എന്നതിന്റെ സൂചനയാണ് നൽകുന്നത്.

മർഹൂമ ദൈവാനുഗ്രഹത്തിന് നന്ദിയുള്ളവരും, ലളിതമായി സംസാരിക്കുന്നവരും, നമസ്കാരം നോമ്പ് എന്നിവയിൽ പ്രതിബദ്ധതയുള്ളവരും, ഖിലാഫത്തിനോട് വളരേയധികം ആദരിക്കുന്നവരും ആയിരുന്നു. അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയും അവരോട് കാരുണ്യത്തോടെ പെരുമാറുകയും അവരുടെ മക്കൾക്ക് അവരുടെ സൽകർമ്മങ്ങൾ തുടരാൻ സൗഭാഗ്യം നൽകുകയും ചെയ്യുമാറാകട്ടെ.

രണ്ടാമത്തേത് ഫൈസലാബാദിലെ യൂണിവേഴ്സിറ്റി ഓഫ് അഗ്രികൾച്ചറിന്റെ മുൻ രജിസ്ട്രാർ ആയിരുന്ന ചൗധരി റശീദ് അഹ്മദ് സാഹിബ് ആണ്. ഹുസൂർ അൻവർ അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ വിവരിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുകയും അദ്ദേഹത്തോട് കാരുണ്യത്തോടെ പെരുമാറുകയും അവരുടെ മക്കൾക്ക് അവരുടെ സൽകർമ്മങ്ങൾ തുടരാൻ തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 10.11.2023
Malayalam Translation & Typing **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516